**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3433** **05-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പകൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നിലവിലുള്ളത് എന്നുവരെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഹ്രസ്വകാല കാർഷിക ഉൽപാദന വായ്പയെടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം റിസർവ്വ് ബാങ്ക് ബാങ്കുകൾക്ക് നൽകിയിട്ടുള്ളതാണ്. ഈ ആനുകൂല്യപ്രകാരം 01.03.2021 നും 30.06.2021 നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ ജൂൺ 30ന് മുമ്പ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (ബി) | സംസ്ഥാനം കോവിഡ് മഹാമാരിയിൽ നിന്നും മുക്തമാകുന്നതുവരെ കാർഷിക വായ്പകൾക്ക് മൊറട്ടോറിയം നീട്ടാൻ തയ്യാറാകുമോ? | (ബി) | കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മോറട്ടോറിയം പ്രഖ്യാപിക്കണമെന്നും മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ